**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1002** **29-08-2022 - ൽ മറുപടിയ്ക്ക്**

**ഇടുക്കി ജില്ലയിലെ റിസർവ്വ് വന പ്രഖ്യാപനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. രാജ | | ശ്രീ . എ . കെ . ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | ഇടുക്കി ജില്ലയിലെ കുഞ്ചിത്തണ്ണി വില്ലേജിലെ ആനച്ചാലും പരിസരപ്രദേശങ്ങളും അസാധാരണ ഗസറ്റ് വിജ്ഞാപനത്തിലൂടെ റിസർവ്വ് വനമായി പ്രഖ്യാപിച്ച വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ദേവികുളം താലൂക്കിലെ കുഞ്ചിത്തണ്ണി വില്ലേജിൽപ്പെട്ട 87.37 ഹെക്ടർ സ്ഥലം വനം വകുപ്പിന്റെ കൈവശത്തിലുള്ളതും ക്യാപ്റ്റീവ് പ്ലാന്റേഷനായി എച്ച്.എൻ.എൽ കമ്പനിക്ക് പാട്ടവ്യവസ്ഥയിൽ നൽകിയിരുന്നതുമായ ഭൂമി “ചെങ്കുളം റിസർവ്വ്” എന്ന പേരിൽ കേരള വനനിയമം 1961 സെക്ഷൻ (4) പ്രകാരം 10.05.2022 തീയതിയിലെ G.O.(P) No. 16/2022/F&WLD ആയി (SRO No.597/2022) വിജ്ഞാപനം ചെയ്തിട്ടുണ്ട്. |
| (ബി) | ഇതുമൂലം ഈ പ്രദേശങ്ങളിൽ കാലങ്ങളായി താമസിച്ചുവരുന്ന ജനങ്ങൾക്കുണ്ടായ ബുദ്ധിമുട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത വിഷയം പരിഹരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ? | (ബി) | 25.08.1975-ലെ സർക്കാർ ഉത്തരവ് പ്രകാരം വനം വകുപ്പിന് കൈമാറി, വനംവകുപ്പിന്റെ സംരക്ഷണയിലും പരിപാലനത്തിലും വനമായി സംരക്ഷിച്ചു വന്നി രുന്ന ടി സ്ഥലം കേരളവനനിയമം 1961 സെക്ഷൻ (4) പ്രകാരം വിജ്ഞാപനം ചെയ്തതു വഴി പ്രദേശവാസികൾക്ക് ബുദ്ധിമുട്ടുണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ ബഫർ സോൺ/ ഇക്കോ സെൻസിറ്റീവ് സോൺ സംബന്ധിച്ച തെറ്റിദ്ധാരണമൂലം പ്രദേശവാസികൾ ആശങ്ക പ്രകടിപ്പിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ ടി പ്രദേശത്തിനടുത്ത് ദേശീയോദ്യാനങ്ങളോ, വന്യജീവി സങ്കേതങ്ങളോ ഇല്ലാത്തതിനാൽ ടി ആശങ്കയ്ക്ക് അടിസ്ഥാനമില്ല. |

സെക്ഷൻ ഓഫീസർ